പതിമൂന്നാം കേരള നിയമസഭ
പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ :247 — 8/2/2016-ൽ മറുപടിക്ക്

## സബ് ഇൻസ്പെക്ടർ നിയമനം

ചോദ്യം
ശ്രീ.എളമരം കരീം

മറുപടി
രമേശ് ചെന്നിത്തല
(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | 2013-ൽ നിലവിൽ വന്ന സബ് ഇൻസ്പെക്ടർ (ജി.ഇ) റാങ്ക് ലിസ്റ്റിൽ നിന്ന് പി.എസ്.സി അഡ്വൈസ് മെമ്മോ അയച്ച 339 പേർക്ക് നിയമനം നൽകാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്തുകൊണ്ട് എന്ന് വ്യക്തമാക്കാമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കത്ത് നം. RIC (1) 16113/13/GW തീയതി 11.11.15 പ്രകാരം പി.എസ്.സി 339 പേർക്ക് എസ്.ഐ. തസ്തികയിലേക്ക് നിയമന നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ മേൽ പറഞ്ഞവയിൽ 84 ഒഴിവുകൾ മാത്രമേ പോലീസ് വകുപ്പിൽ നിലവിലുള്ളൂ. ബാക്കിയുള്ള 255 എണ്ണം വിവിധ കോടതി ഉത്തരവുകൾ പ്രകാരം റിപ്പോർട്ട് ചെയ്ത അധിക ഒഴിവുകളാണ് . നിലവിലുള്ള 84 ഒഴിവുകളിൽ ട്രെയിനിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അധിക ഒഴിവുകളിൽ നിയമനം നൽകുന്നതു സംബന്ധിച്ച വിഷയം പരിശോധിച്ചു വരുന്നു. |
| (ബി) | സബ് ഇൻസ്പെക്ടർ നിയമനം നടത്തുന്നതിൽ തടസ്സമില്ലായെന്ന് കാണിച്ച് ബഹു. മുൻ ഡി.ജി.പി. കത്ത് (ഇ.2/5923/2012 തീയതി 16.02.2015) നൽകിയതിന്റെ അടിസ്ഥാനത്തിൽ ഒഴിവുകൾ റിപ്പോർട്ട് ചെയ്ത് ഒന്നര വർഷത്തിന് ശേഷം ഉദ്യോഗാർത്ഥികൾക്ക് | (ബി) | OP (KAT) 200/2014 -ൽ 26.8.2014 തീയതിയിലെ ഹൈക്കോടതി ഉത്തരവ് പ്രകാരം 137 എസ്.ഐ. ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തു. എന്നാൽ റിപ്പോർട്ട് ചെയ്യപ്പെട്ട ഒഴിവുകൾ അധിക ഒഴിവുകൾ (Excess vacancy) . ആയതിനാലാണ് കോടതി വിധിക്കെതിരെ സുപ്രീംകോടതിയിൽ അപ്പീൽ നൽകാൻ പിന്നീട് സർക്കാർ |

| | | | |
|---|---|---|---|
| | അഡൈ്വസ് മെമ്മോ നൽകിയശേഷം കോടതികളിൽ സർക്കാർ അപ്പീൽ ഫയൽ ചെയ്ത സാഹചര്യം എന്താണെന്ന് വ്യക്തമാക്കാമോ; | | സംസ്ഥാന പോലീസ് മേധാവിയെ ചുമതലപ്പെടുത്തിയ്. അത് പ്രകാരമാണ് സുപ്രീംകോടതിയിൽ അപ്പീൽ ഫയൽ ചെയ്തത് . |
| (സി) | 2013-ൽ നിലവിൽ വന്ന എസ്.ഐ. റാങ്ക് പട്ടികയിൽ നിന്നും ആദ്യ ബാച്ചിലേക്ക് 292 പേരെ കോടതികളിൽ കേസ്സ് നിലനിന്നിരുന്നതിനാൽ കണ്ടീഷണൽ പോസ്റ്റിംഗ് (ബോണ്ട് നൽകി) ആയി നിയമനം നൽകിയ കീഴ്വഴക്കം പോലെ അഡൈ്വസ് മെമ്മോ ലഭിച്ച 339 പേർക്കും നിയമനം നൽകുന്നതിന് തടസ്സമുണ്ടോ എന്ന് വ്യക്തമാക്കാമോ ? | (സി) | 2013-ൽ നിലവിൽ വന്ന എസ്.ഐ (ജി.ഇ) റാങ്ക് ലിസ്റ്റിന്റെ നിലനിൽപ്പിനെ തന്നെ ചോദ്യം ചെയ്യുന്ന തരത്തിൽ അന്ന് കേസുകൾ നിലവിലുണ്ടായിരുന്നു. മാത്രമല്ല നിയമന നിർദ്ദേശം ലഭിച്ച പലരുടെയും നിയമനം തന്നെ തടസ്സപ്പെടാൻ ഇടയുണ്ടായിരുന്നതിനാലാണ് അന്ന് കണ്ടീഷണൽ പോസ്റ്റിംഗ് നൽകിയത്. ആയത് ഒരു കീഴ്വഴക്കമല്ല. മാത്രമല്ല അന്ന് റിപ്പോർട്ട് ചെയ്ത 292 ഒഴിവുകളും വകുപ്പിൽ നിലവിലുള്ളവ ആയിരുന്നു. എന്നാൽ ഇപ്പോൾ നിയമന നിർദ്ദേശം ലഭിച്ചിട്ടുള്ള 339 ഒഴിവുകളിൽ 84 എണ്ണം മാത്രമേ നിലവിലുള്ളൂ. ബാക്കിയുള്ള 255 എണ്ണം വിവിധ കോടതി ഉത്തരവുകൾ പ്രകാരം റിപ്പോർട്ട് ചെയ്ത അധിക ഒഴിവുകളാണ് നിലവിലുള്ള 84 ഒഴിവുകളിൽ ട്രെയിനിംഗ് ആരംഭിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. മറ്റുള്ള ഒഴിവുകളിലേയ്ക്ക് നിയമനം നടത്തുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ